**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1906</u>** **<u>01.02.2018-ൽ മറുപടിയ്ക്ക്</u>**

## തിരുവനന്തപുരം - കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | | **പിണറായി വിജയൻ(മുഖ്യമന്ത്രി)** |
| (എ) തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ സാങ്കേതിക പഠനത്തിനായി സർക്കാർ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) & (സി) | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ സാങ്കേതിക പഠനത്തിനായി സർക്കാർ സമിതിയെ നിയോഗിച്ചിട്ടില്ല.<br>തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ സാങ്കതിക പഠനത്തിനും, ഡി.പി.ആർ തയ്യാറാക്കുന്നതിനുമായി ഡി.എം.ആർസി-യെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ രൂപീകരിച്ച എസ്. പി.വി ആയ കെ.ആർ.ടി.എൽ - ന്റെ 2014 ആഗസ്റ്റിൽ കൂടിയ ബോർഡ് യോഗമാണ് ഇതിനായി ഡി..എം.ആർ.സി.-യെ ചുമതലപ്പെടുത്തിയത്. |
| (ബി) ഈ സമിതിയിലെ അംഗങ്ങൾ ആരൊക്കെയെന്നും സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നും വെളിപ്പെടുത്താമോ; | | ഡി.എം.ആർ.സി 2014 ഒക്ടോബറിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദ പദ്ധതിരേഖ സമർപ്പിച്ചു.<br>തിരുവനന്തപുരം, ലൈറ്റ് മെട്രോ പദ്ധതിയ്ക്ക് 4219 കോടി രൂപയും (196 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിന് ഉൾപ്പെടെ), കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയ്ക്ക് 2509 കോടി രൂപയുമാണ് (145 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിന് ഉൾപ്പെടെ) കണക്കാക്കിയിട്ടുള്ളത്. |
| (സി) സമിതി റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ ചെലവ് ഇനം തിരിച്ച് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ